പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3099 **29-10-2026-ൽ മറുപടിയ്ക്ക്**

പട്ടയവിതരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) 2021 മുതൽ 2026 സെപ്തംബർ വരെ ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ വർഷവും താലൂക്കും വില്ലേജും തിരിച്ച് ലഭ്യമാക്കുമോ;

മറുപടി: 2021 മുതൽ 2026 സെപ്തംബർ വരെ ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ (വർഷവും താലൂക്കും വില്ലേജും തിരിച്ച്) അനുബന്ധം (എ) ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) പട്ടയം അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് ജില്ല, താലൂക്ക് തിരിച്ച് വിശദമാക്കുമോ;

മറുപടി: പട്ടയം അനുവദിക്കുന്നതിനായി നിലവിലുള്ള അപേക്ഷകളുടെ (ജില്ല, താലൂക്ക് തിരിച്ച്) വിവരങ്ങൾ അനുബന്ധം (ബി)ആയി ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത പട്ടയങ്ങളുടെ വിതരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മറുപടി: എല്ലാ ജില്ലകളിലും പട്ടയങ്ങളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൊല്ലം ജില്ലയിൽ കോടതി വ്യവഹാരങ്ങളിലും സർക്കാർ തലത്തിൽ തീരുമാനമാകേണ്ട കേസുകളിലും കോടതി / സർക്കാർ തീരുമാനത്തിനനുസൃതമായി നടപടി സ്വീകരിക്കുന്നതും അല്ലാത്ത കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

ആലപ്പുഴ ജില്ലയിൽ എൽ റ്റി അപേക്ഷകളിൽ വിചാരണ നടത്തി നടപടി സ്വീകരിച്ച് വരുന്നു. എൽ എ അപേക്ഷകളിൽ 1960 -ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

കോട്ടയം ജില്ലയിൽ പട്ടയ അപേക്ഷകളിൽ പരിശോധനയും സ്കെച്ച് തയ്യാറാക്കുന്നതിൽ താലൂക്ക് സർവ്വെയറുടെ സേവനവും കഴിവതും വേഗത്തിൽ പൂർത്തിയാക്കാനും സമയബന്ധിതമായ റിപ്പോർട്ടുകൾ സമർപ്പിക്കുവാനും തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘകാലമായി തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ മുൻഗണന അടിസ്ഥാനത്തിൽ പരിഗണിച്ചു വരുന്നു.

എറണാകുളം ജില്ലയിൽ ലഭിക്കുന്ന പട്ടയ അപേക്ഷകളിൽ അർഹരായ പട്ടയ അപേക്ഷകർക്ക് കാലതാമസം കൂടാതെ നിയമാനുസൃതം പട്ടയം അനുവദിച്ചു വരുന്നതും, ബാക്കി നിൽക്കുന്ന

അപേക്ഷകൾ ഭൂമിപതിവ് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്നതും ആയത് തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

മലപ്പുറം ജില്ലയിൽ ലാൻഡ് ടൈബ്യൂണലുകളിലെ പഴയ കേസുകളിൽ പരിശോധനയ്ക്ക് അഡ്വക്കേറ്റ് കമ്മീഷണർമാരെ നിയോഗിച്ചും എല്ലാ കേസുകളിലും സാധ്യമായ ഏറ്റവും അടുത്ത തീയതി തന്നെ സിറ്റിംഗുകൾ വെച്ചും പരമാവധി കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ നിലവിലുള്ള അപേക്ഷകളിൽ ഹിയറിംഗുകൾ നടത്തി സമയബന്ധിതമായി പട്ടയ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലാൻഡ് അസൈൻമെന്റ് പട്ടയം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുവാദ പത്രികയുടെ അടിസ്ഥാനത്തിലാണ് ലക്ഷം വീട് പദ്ധതി പ്രകാരമുള്ള പട്ടയ അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നത് . ടി പദ്ധതി പ്രകാരമുള്ള ആകെയുള്ള 85 അപേക്ഷകളിൽ 16 അപേക്ഷകളിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഭൂമി പതിവ് ഭേദഗതി ഉത്തരവ് പ്രകാരം മാറ്റം വരുത്തിയ പട്ടയ ഫോറങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കും. 15 അപേക്ഷകളിൽ അനുവാദ പത്രിക ലഭിച്ചു. ശേഷിക്കുന്നവയിൽ അനുവാദ പത്രിക ലഭിക്കുന്ന പക്ഷം നടപടി സ്വീകരിക്കുവാൻ സാധിക്കും.

വനഭൂമി പട്ടയം അനുവദിച്ചു കിട്ടുന്നതിനായി ലഭിച്ച അപേക്ഷകളിൽ വനം റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടുള്ളതാണ്. ടി പരിശോധന പൂർത്തിയാക്കിയിട്ടുള്ള കേസുകളിൽ കൂടിയേറ്റത്തിനുള്ള തെളിവായി വൃക്ഷ, വിളകളുടെ പ്രായം കണക്കാക്കേണ്ടതുണ്ട്. ആയതിനു ശേഷമേ Appendix 1, Appendix II പ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. മേൽ കേസുകളിൽ കൂടിയേറ്റത്തിനുള്ള തെളിവായി വൃക്ഷവിളകളുടെ പ്രായം കണക്കാക്കുന്നതിനായി KFRI/KAU ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമാണ്. പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിൽ ഭൂമിപതിവ് അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് അർഹമായ കേസുകളിൽ പട്ടയം അനുവദിച്ച് വരുന്നുണ്ട്. ജില്ലാ തലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്താൻ യോഗം ചേരുന്നുണ്ട്. പതിവ് അപേക്ഷ കൂടുതലുള്ള വില്ലേജ് ഓഫീസർമാരുടെ യോഗം ചേർന്ന് പതിവ് അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ചുള്ള പുരോഗതി വിലയിരുത്തിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം – എ

2021 മുതൽ 2026 സെപ്റ്റംബർ വരെ ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ വർഷവും താലൂക്കും വില്ലേജും തിരിച്ച് ചുവടെ ചേർക്കുന്നു.

താലൂക്ക്	2021	2022	2023	2024	2025	2026	ആകെ
അമ്പലപ്പുഴ	4	139	102	37	85	86	453
ചേർത്തല	39	175	174	47	88	39	562
കുട്ടനാട്	7	101	86	32	42	4	272
കാർത്തികപ്പള്ളി	31	55	43	42	35	9	215
ചെങ്ങന്നൂർ	21	34	16	13	25	4	113
മാവേലിക്കര	5	26	7	11	21	0	70
ആകെ	**107**	**530**	**428**	**182**	**296**	**142**	**1685**

അമ്പലപ്പുഴ താലൂക്ക്

വില്ലേജ്	2021	2022	2023	2024	2025	2026
പുറക്കാട്	3	7	4	2	15	0
പുന്നപ്ര	1	16	8	3	15	2
പറവൂർ	0	17	4	2	6	0
അമ്പലപ്പുഴ	0	9	3	0	0	0
അമ്പലപ്പുഴ നോർത്ത്	0	4	4	2	0	0
കരുമാടി	0	4	2	3	0	2
പഴവീട്	0	11	6	4	0	0
ആലപ്പുഴ വെസ്റ്റ്	0	26	20	5	22	27
മുല്ലയ്ക്കൽ	0	8	6	5	13	39
ആര്യാട് തെക്ക്	0	8	18	3	1	9
കോമളപുരം	0	18	11	2	2	7
മണ്ണഞ്ചേരി	0	6	8	3	1	0
കലവൂർ	0	3	6	0	2	0
പാതിരപ്പള്ളി	0	2	2	3	8	0
ആകെ	**4**	**139**	**102**	**37**	**85**	**86**

ചേർത്തല താലൂക്ക്

വില്ലേജ്	2021	2022	2023	2024	2025	2026
അരൂക്കുറ്റി			8	4	16	1
പെരുമ്പളം						3
പാണാവള്ളി		13	10	3	2	1
തൈക്കാട്ടുശ്ശേരി	10	6	6	4	6	2
പള്ളിപ്പുറം	3	1	3			
കൊക്കോതമംഗലം	2	8	5		4	1
ചേർത്തല വടക്ക്	1	2	6	2	4	2
തണ്ണീർമുക്കം വടക്ക്	3	9	3	3		3
കഞ്ഞിക്കുഴി		6	6		7	5
തണ്ണീർമുക്കം തെക്ക്	5	6	19	7	10	1
മാരാരിക്കുളം വടക്ക്	2	4	2	2	3	
ചേർത്തല തെക്ക്		1	2		4	
അർത്തുങ്കൽ	2	1	2	1		
കടക്കരപ്പള്ളി		6	5	2		1
വയലാർ കിഴക്ക്		6	14	8	9	5
പട്ടണക്കാട്	2	37	30	5	4	4
തുറവൂർ തെക്ക്	3	34	27	1	9	5
കുത്തിയതോട്	3	16	15		3	1
കോടംതുരുത്ത്	1	4	1		3	
എഴുപുന്ന	1	8	5		4	3
അരൂർ	1	7	5	5		1
ആകെ	**39**	**175**	**174**	**47**	**88**	**39**

കാർത്തികപ്പള്ളി താലൂക്ക്

വില്ലേജ്	2021	2022	2023	2024	2025	2026
ആറാട്ടുപുഴ	20	14	14	10	4	
ചേപ്പാട്	1					
ചെറുതന		1			4	
ചിങ്ങോലി		1	3	4		
ഹരിപ്പാട്	1	5				

കണ്ടല്ലൂർ					1	
കാർത്തികപ്പള്ളി	2					
കരുവാറ്റ	3	2	5	4	3	1
കായംകുളം		1	1		1	2
കീരിക്കാട്					3	
കൃഷ്ണപുരം	1	2		6	2	
കുമാരപുരം			1	10	2	1
മുതുകുളം						
പള്ളിപ്പാട്		25	14	3	5	
പത്തിയൂർ		1	1		3	
പുതുപ്പള്ളി						
തൃക്കുന്നപ്പുഴ	2	1		2		
വീയപുരം	1	2	4	3	7	5
ആകെ	**31**	**55**	**43**	**42**	**35**	**9**

കുട്ടനാട് താലൂക്ക്

	2021	2022	2023	2024	2025	2026
കൈനകരി വടക്ക്	2	23	16	9	10	2
തലവടി	1	9	6	3	3	
കാവാലം	1	6	3			
ചമ്പക്കുളം	1	8	7	1	2	
പുളിങ്കുന്ന്	1	6	4		3	
കൈനകരി	1	15	16	5	5	
എടത്വ		14	4	2	5	
മുട്ടാർ		8	8	5		
കുന്നുമ്മ		3	9		1	
വെളിയനാട്		5	2		3	
നെടുമുടി		1	7	2		
തകഴി		3	4	5	10	
നീലംപേരൂർ						2
ആകെ	**7**	**101**	**86**	**32**	**42**	**4**

ചെങ്ങന്നൂർ താലൂക്ക്

	2021	2022	2023	2024	2025	2026
ചെങ്ങന്നൂർ		2	2	1		3
മുളക്കുഴ	5	9	2	1	2	
വെൺമണി	1			1	1	
പാണ്ടനാട്	2	2	2			
തിരുവൻവണ്ടൂർ	3		1			
മാന്നാർ						
കുരട്ടിശ്ശേരി	2		3			
പുലിയൂർ	1			4	2	
ചെറിയനാട്		17			1	
ആലാ	1	4	3	4	1	
എണ്ണയ്ക്കാട്	6		3	1	18	1
ആകെ	**21**	**34**	**16**	**13**	**25**	**4**

മാവേലിക്കര താലൂക്ക്

	2021	2022	2023	2024	2025	2026
പെരിങ്ങാല	0	2	0			
കണ്ണമംഗലം	0	2	1			
ചെന്നിത്തല	0	1	1	1		
മാവേലിക്കര	1	2				
തെക്കേക്കര	0	1				
തഴക്കര	1	1				
വെട്ടിയാർ	1	3	1			
വള്ളിക്കുന്നം	1	4	3			
താമരക്കുളം	1	3			19	
ഭരണിക്കാവ്	0	2		1	1	
നൂറനാട്	0	4		2	1	
പാലമേൽ	0	0		6		
ചുനക്കര	0	1	1	1		
ആകെ	**5**	**26**	**7**	**11**	**21**	**0**

അനുബന്ധം ബി

തിരുവനന്തപുരം

താലൂക്ക്	അപേക്ഷകളുടെ എണ്ണം
തിരുവനന്തപുരം	1380
ചിറയിൻകീഴ്	416
നെടുമങ്ങാട്	719
വർക്കല	328
കാട്ടാക്കട	1420
നെയ്യാറ്റിൻകര	1358
ആകെ	5621

കൊല്ലം

താലൂക്ക്	അപേക്ഷകളുടെ എണ്ണം
കൊല്ലം	680
കരുനാഗപ്പള്ളി	13
കുന്നത്തൂർ	16
കൊട്ടാരക്കര	605
പുനലൂർ	415
പത്തനാപുരം	95
ആകെ	1824

പത്തനംതിട്ട

താലൂക്ക്	അപേക്ഷകളുടെ എണ്ണം
തിരുവല്ല	21
കോന്നി	42
അടൂർ	14
റാന്നി	55
മല്ലപ്പള്ളി	603(പെരുമ്പട്ടി പട്ടയ അപേക്ഷകൾ ഉൾപ്പെടെ)
കോഴഞ്ചേരി	20

ആകെ	755

ആലപ്പുഴ

താലൂക്ക്	അപേക്ഷകളുടെ എണ്ണം
അമ്പലപ്പുഴ	96
ചേർത്തല	127
കാർത്തികപ്പള്ളി	18
കുട്ടനാട്	50
ചെങ്ങന്നൂർ	23
മാവേലിക്കര	21
ആകെ	335

കോട്ടയം

താലൂക്ക്	അപേക്ഷകളുടെ എണ്ണം
കാഞ്ഞിരപ്പള്ളി	56
മീനച്ചിൽ	359
ചങ്ങനാശ്ശേരി	120
വൈക്കം	132
കോട്ടയം	60
ആകെ	727

ഇടുക്കി

താലൂക്ക്	അപേക്ഷകളുടെ എണ്ണം
ഇടുക്കി	15920
ഉടുമ്പൻചോല	16001
തൊടുപുഴ	14572
പീരുമേട്	6553
ദേവികുളം	13729
ആകെ	66775

എറണാകുളം

താലൂക്ക്	അപേക്ഷകളുടെ എണ്ണം
ആലുവ	260
മൂവാറ്റുപുഴ	257
പറവൂർ	72
കോതമംഗലം	386
കൊച്ചി	127
കുന്നത്തുനാട്	1091
കണയന്നൂർ	312
ആകെ	2505

തൃശ്ശൂർ

താലൂക്ക്	അപേക്ഷകളുടെ എണ്ണം
തൃശ്ശൂർ	1815
മുകുന്ദപുരം	506
കുന്നംകുളം	367
കൊടുങ്ങല്ലൂർ	371
തലപ്പിള്ളി	1051
ചാലക്കുടി	1129
ചാവക്കാട്	761
ആകെ	6000

പാലക്കാട്

താലൂക്ക്	അപേക്ഷകളുടെ എണ്ണം
പാലക്കാട്	3547
പാലക്കാട് & ചിറ്റൂർ ലാന്റ് ട്രൈബ്യൂണൽ	1184
പട്ടാമ്പി ലാന്റ് ട്രൈബ്യൂണൽ	3012
ഒറ്റപ്പാലം ലാന്റ് ട്രൈബ്യൂണൽ	391
(അട്ടപ്പാടി & മണ്ണാർക്കാട്) അട്ടപ്പാടി ലാന്റ് ട്രൈബ്യൂണൽ	1940

ആകെ	10074

മലപ്പുറം

താലൂക്ക്	അപേക്ഷകളുടെ എണ്ണം
ഏറനാട്	2716
നിലമ്പൂർ	1672
പെരിന്തൽമണ്ണ	3352
കൊണ്ടോട്ടി	738
തിരൂർ	5429
തീരൂരങ്ങാടി	1603
പൊന്നാനി	3551
ആകെ	19061

കോഴിക്കോട്

താലൂക്ക്	അപേക്ഷകളുടെ എണ്ണം
കോഴിക്കോട് (LT ഉൾപ്പെടെ)	2224
താമരശ്ശേരി	51
കൊയിലാണ്ടി	352
വടകര (LT ഉൾപ്പെടെ)	2497
ആകെ	5124

വയനാട്

താലൂക്ക്	അപേക്ഷകളുടെ എണ്ണം
മാനന്തവാടി	283
സുൽത്താൻ ബത്തേരി	314
വൈത്തിരി	109
ലാന്റ് ട്രൈബ്യൂണൽ	1055
ആകെ	1761

കണ്ണൂർ

താലൂക്ക്	അപേക്ഷകളുടെ എണ്ണം
കണ്ണൂർ	1061
തലശ്ശേരി	1117
തളിപ്പറമ്പ്	1799
പയ്യന്നൂർ	1381
ഇരിട്ടി	1329
ആകെ	6687

കാസർഗോഡ്

താലൂക്ക്	അപേക്ഷകളുടെ എണ്ണം
മഞ്ചേശ്വരം	1314
കാസർഗോഡ്	2224
ഹോസ്ദുർഗ്ഗ്	2777
വെള്ളരിക്കുണ്ട്	587
ആകെ	6902